# പതിമൂന്നാം കേരള നിയമസഭ
# പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.2114 17.06.2014-ൽ മറുപടിക്ക്

| ചോദ്യം | ഉത്തരം |
| --- | --- |
| ഡോ. കെ. ടി. ജലീൽ | ശ്രീ.കെ.എം.മാണി<br>ധനകാര്യവും നിയമവും ഭവന നിർമ്മാണവും വകുപ്പു മന്ത്രി |

## നടപ്പിലാക്കിയിട്ടില്ലാത്ത ബഡ്ജറ്റ് നിർദ്ദേശങ്ങൾ

| | | |
| --- | --- | --- |
| (എ) | ഈ സർക്കാരിന്റെ ഇതുവരെയുള്ള ബഡ്ജറ്റ് പ്രസംഗങ്ങളിലെ നിർദ്ദേശങ്ങളിൽ നാളിതുവരെ നടപ്പിലാക്കിയിട്ടില്ലാത്തവ ഏതൊക്കെയാണെന്ന് സാമ്പത്തിക വർഷം തിരിച്ച് വിശദമാക്കുമോ; | ഈ സർക്കാരിന്റെ ഇതുവരെയുള്ള ബഡ്ജറ്റ് പ്രസംഗങ്ങളിലൂടെ നിരവധി പദ്ധതികൾ പ്രഖ്യാപിച്ചിട്ടുണ്ട്. വിവിധ ഭരണവകുപ്പുകൾ മുഖേനയാണ് ഈ പദ്ധതികൾ നിർവ്വഹിക്കപ്പെടുന്നത്. ഭരണ വകുപ്പുകളിൽ നിന്ന് ലഭ്യമായിട്ടുള്ള വിവരങ്ങൾ പ്രകാരം പ്രഖ്യാപിച്ച മിക്ക പദ്ധതികൾക്കും ഭരണാനുമതി നൽകുകയും അവയിൽ പലതും പൂർത്തിയാക്കപ്പെടുകയും ചിലവ നിർവ്വഹണത്തിന്റെ വിവിധ ഘട്ടങ്ങളിൽ പുരോഗമിച്ചു വരുകയുമാണ്. ഈ സർക്കാരിന്റെ ഇതു വരെയുള്ള ബഡ്ജറ്റ് പ്രസംഗങ്ങളിലെ നിർദ്ദേശങ്ങളിൽ നാളിതുവരെ നടപ്പിലാക്കിയിട്ടില്ലാത്തവ സംബന്ധിച്ച് വിവിധ വകുപ്പുകൾ ലഭ്യമാക്കിയ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു. |
| (ബി) | ഓരോ വർഷവും അവതരിപ്പിച്ച ബഡ്ജറ്റിലെ നിർദ്ദേശങ്ങൾ എത്രയായിരുന്നു; നടപ്പിലാക്കാൻ സാധിക്കാതെ വന്നവ എത്രയായിരുന്നു. ഏതൊക്കെ; | |
| (സി) | ബഡ്ജറ്റ് നിർദ്ദേശം സംബന്ധിച്ച് സർക്കാർ ഉത്തരവ് പുറപ്പെടുവിക്കുകയല്ലാതെ നടപ്പിലാക്കാൻ സാധിക്കാതെ വന്നവ എത്ര; ഏതൊക്കെ ? | വിവിധ വകുപ്പുകൾ ലഭ്യമാക്കിയ വിവരങ്ങളുടെ അടിസ്ഥാനത്തിൽ, ബഡ്ജറ്റ് നിർദ്ദേശം സംബന്ധിച്ച് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടും നടപ്പിലാക്കാൻ സാധിക്കാത്ത പദ്ധതികൾ സംബന്ധിച്ച വിവരങ്ങൾ ചുവടെ ചേർത്തിരിക്കുന്നു.<br>1) തെരഞ്ഞെടുക്കപ്പെട്ട ഗ്രാമപഞ്ചായത്തുകൾക്ക് ISO സർട്ടിഫിക്കേഷൻ നൽകൽ.<br>2) ലീഗൽ മെട്രോളജി വകുപ്പിനുവേണ്ടി LPG ഡിസ്പെൻസറുകൾ പരിശോധിക്കുന്ന ഉപകരണം വാങ്ങൽ. |

| | | |
|---|---|---|
| | | 3) ആലുവ, മഞ്ചേരി, ഒറ്റപ്പാലം എന്നീ സബ്ജയിലുകളിൽ ബയോഗ്യാസ് പ്ലാന്റുകൾ സ്ഥാപിക്കൽ.<br>4) കയർ വികസന വകുപ്പിൻ കീഴിൽ കയർ സംസ്ക്കരണ കയറ്റുമതി പാർക്ക്, ഇന്നവേഷൻ ഫണ്ട്, ഇൻക്യൂബേഷൻ സെൽ എന്നിവയുടെ രൂപീകരണം.<br>5) മുല്ലപ്പെരിയാറിൽ പുതിയ ഡാം.<br>6) വിനോദസഞ്ചാരികൾക്ക് ഓരോ ടൂറിസം കേന്ദ്രവും കണ്ടാസ്വദിക്കുന്നതിനായി തെരഞ്ഞെടുക്കപ്പെട്ട കേന്ദ്രങ്ങളിൽ Hop on Hop off സർവ്വീസ് ആരംഭിക്കൽ.<br>7) പട്ടിക വർഗ്ഗ വികസന വകുപ്പിൻ കീഴിൽ, ദക്ഷിണേന്ത്യയിലെ ഏക ആദിവാസി രാജാവായ കോവിൽമല രാജമന്നന് രാജധാനി പണിയുക. |

സെക്ഷൻ ഓഫീസർ

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്